# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.50**
**27-09-2016 ലെ മറുപടിക്ക്**

## കിഫ്ബി പ്രവർത്തനം

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഹൈബി ഈഡൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ? ഇതിനായി വരുത്തിയ നിയമഭേദഗതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | കിഫ്ബി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1999 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ് (2000 ലെ ആക്റ്റ് 4) പ്രകാരം രൂപീകൃതമായ അടിസ്ഥാന സൗകര്യ നിക്ഷേപ നിധി കൈകാര്യം ചെയ്യുന്നതിനായി 11-11-1999 ൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് നിലവിൽ വന്നു. 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്നതിനായി നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. PPP പദ്ധതികളുൾപ്പെടെ സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സൂക്ഷ്മ പരിശോധനക്കും അംഗീകാരത്തിനും |

ധനസഹായത്തിനും KIIFB യെ കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ ഈ ബഡ്ജറ്റ് നിർദ്ദേശിക്കുന്നു. ഇപ്രകാരം, 19-08-2016 തീയതിയിലെ ഓർഡിനൻസ് നം.6/2016 ലൂടെ 1999 ലെ KIIF ആക്റ്റ് സർക്കാർ ഭേദഗതി ചെയ്യുകയും, അത് 19-08-2016 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നം.1464 ലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭേദഗതി KIIFB യെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായുള്ള ധനസമാഹരണത്തിന് സംസ്ഥാന സർക്കാരിന്റെ ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ പ്രാപ്തമാക്കിയിട്ടുണ്ട്. ഇതിനായി വരുത്തിയ നിയമഭേദഗതികൾ താഴെപ്പറയും പ്രകാരമാണ്. അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ ഭൗതിക മേഖലയോടൊപ്പം സാമൂഹിക മേഖലയും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മുൻ ആക്റ്റ് പ്രകാരം പരിഗണനയിൽ ഇല്ലാതിരുന്ന പാലങ്ങൾ, വൻകിട കെട്ടിട സമുച്ചയങ്ങൾ, റെയിൽവെ, വിവര സാങ്കേതിക വിദ്യ, കൃഷി, വ്യവസായം, നഗര-ഗ്രാമ വികസനം മുതലായ മേഖലകൾ പുതുതായി ഉൾപ്പെടുത്തി.

| | |
|---|---|
| | 2. ഫണ്ട് നിഷ്ക്രിയമായി നിലകൊള്ളാതെ നേരിട്ട് ഉദ്ദേശിച്ച പദ്ധതികൾക്കു തന്നെ ചെലവാക്കുന്നു എന്ന് ഉറപ്പു വരുത്താനും ബാക്കി വരുന്ന തുക ക്രിയാത്മകമായി നിക്ഷേപിക്കാനും സ്വതന്ത്ര-വിദഗ്ധ തല സംവിധാനം.<br>3. നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിലൂടെ നിക്ഷേപക വിശ്വാസം ഉറപ്പാക്കുന്നു.<br>4. സർക്കാർ പദ്ധതികൾക്കൊപ്പം PPP മാതൃകയിലുള്ള പദ്ധതികൾക്ക് വ്യവസ്ഥ ചെയ്യുന്നു.<br>5. മോട്ടോർ വാഹന നികുതി വിഹിതം, ഇന്ധന സെസ്സ് വിഹിതം എന്നിവ നിയമപരമായി മൂലധനനിധിയിലേയ്ക്ക് ഉറപ്പാക്കുന്നു.<br>6. ലാന്റ് ബോണ്ട് പുറപ്പെടുവിക്കുന്നതുവഴി പദ്ധതികൾക്കാവശ്യമായ സ്ഥലമെടുപ്പ് പ്രക്രിയ ത്വരിതവൽക്കരിക്കുന്നു. |
| **(ബി)** അടിസ്ഥാന വികസനത്തിനായി കിഫ്ബിയിലൂടെ അടുത്ത അഞ്ചു വർഷം എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ? | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി വൻകിട അടിസ്ഥാന വികസന പദ്ധതികൾക്കായി 12,000 കോടി രൂപയും ഇതിനു പുറമെ ഭൂമി ഏറ്റെടുക്കലിന് 8,000 കോടി രൂപയുടെയും പാക്കേജ് |

| | |
|---|---|
| | പ്രഖ്യാപിച്ചിരുന്നു. അങ്ങനെ ഈ സാമ്പത്തിക വർഷം മൊത്തം 20,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കിഫ്ബിയിലൂടെ സാക്ഷാത്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആ നിലയ്ക്ക് അടുത്ത അഞ്ചു വർഷം കിഫിബിയിലൂടെ ഒരു ലക്ഷം കോടി രൂപ സമാഹരിച്ച് വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ തയ്യാറെടുക്കുന്നു. |
| **(സി)** എൻ. ആർ.ഐകളിൽ നിന്നും തുക സമാഹരിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ? | എൻ.ആർ.ഐകളിൽ നിന്നും കിഫ്ബിയുടെ പ്രവർത്തനങ്ങൾക്കായി ധനസമാഹരണം നടത്താൻ ചില പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തു വരികയാണ്. ഇതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കുന്നു. |
| **(ഡി)** കിഫ്ബി വഴി വായ്പ എടുക്കുന്ന തുക ട്രഷറിയിലാണോ നിക്ഷേപിക്കുന്നത്; അല്ലെങ്കിൽ ഏത് ധനകാര്യ സ്ഥാപനത്തിലാണ് ഈ തുക നിക്ഷേപിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | നിലവിൽ കിഫ്ബിയുടെ പ്രവർത്തന ഫണ്ട് തിരുവനന്തപുരം ജില്ലാ ട്രഷറിയുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. കിഫ്ബി ആക്ട് ഭേദഗതി ഓർഡിനൻസിലെ സെക്ഷൻ 4 അനുച്ഛേദം (എഫ്) പ്രകാരം "സർക്കാർ നൽകുന്ന പണമല്ലാതെ എല്ലാ പണവും ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ സമ്മതത്തോടെയും ബോർഡിന്റെ അംഗീകാരത്തോടുംകൂടി ഒരു ദേശസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റു വിവേകപൂർവമായ നിക്ഷേപങ്ങളിലോ നിക്ഷേപം നടത്തേണ്ടതാണ്" എന്ന് പ്രതിപാദിച്ചിട്ടുണ്ട്. |

| | |
|---|---|
| | കിഫ്ബി ഓർഡിനൻസ് പുറപ്പെടുവിച്ച ശേഷം നാളിതുവരെ ബോർഡ് യോഗം കൂടിയിട്ടില്ലാത്തതിനാൽ എത് ദേശസാൽകൃത ബാങ്കിലാണ് വായ്പ തുക നിക്ഷേപിക്കുന്നത് എന്ന് തീരുമാനിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**